## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3240 — 07.11.2019-ൽ മറുപടിക്ക്

### മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ. പ്രദീപ്കുമാർ<br>,, ആർ. രാജേഷ്<br>,, എസ്.ശർമ്മ<br>,, കെ. ദാസൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യോപയോഗത്തിന്റെ ഏറിയ പങ്കം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യങ്ങളായതിനാൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി നശിച്ചുകൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥ ജലാശയങ്ങളിൽ പുന:സ്ഥാപിക്കുന്നതിനും തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.<br>തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 ട്രപ്പിസോയിഡൽ ആകൃതിയിലുള്ള കൃത്രിമ പാരുകൾ വീതം സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനോടകം തന്നെ പാരുകളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു, കടലിൽ ആയവ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപാരു മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ച് വരുന്നു. വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യ ഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപാരു മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനും ചെറുകിട മത്സ്യ | (സി) | തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി പൊതു ജലാശയങ്ങളിൽ |

| | | | |
|---|---|---|---|
| | കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടത്തി വരുന്നു. ഇത് കൂടാതെ കായലിലെ തദ്ദേശീയ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് വേമ്പനാട്, അഷ്ടമുടി കായലുകളിൽ സംരക്ഷണ പദ്ധതിയും നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി കക്ക സംരക്ഷണ മേഖല, മത്സ്യ സംരക്ഷണ മേഖല എന്നിവ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ കണ്ടെത്തി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.ചെറുകിട മത്സ്യ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ കൃത്രിമ കുളങ്ങളിലെ മത്സ്യകൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുൽപ്പാദനം തുടങ്ങിയ പദ്ധതികൾ യൂണിറ്റ് കോസ്റ്റിന്റെ 40% സബ്സിഡിയോടെ നടപ്പാക്കി വരുന്നു. ഇത് കൂടാതെ ഈ കൃഷി രീതികളിൽ പരിശീലനവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ